**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **10-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ നെന്മാറ മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. കെട്ടിടം, കൊട്ടുവായൂർ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മുതലമട ഹൈസ്കൂൾ കെട്ടിടം, പല്ലാവൂർ ജി.എൽ.പി. സ്കൂൾ കെട്ടിടം എന്നിവയുടെ പ്രവൃത്തികൾ ഇതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | **നെന്മാറ സി.എച്ച്.സി കെട്ടിടം**<br><br>**2023-24 വർഷത്തെ ബജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തപ്പെട്ട ടി പ്രവൃത്തിയുടെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിലേക്കായി പ്രവൃത്തിയുടെ മണ്ണ് പര്യവേഷണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണ സ്ഥലം പൂർണ്ണമായും തടസ്സരഹിതമായി ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്ക് സമർപ്പിനാകും.**<br><br>**ജി.എൽ.പി.സ്കൂൾ പല്ലാവൂർ കെട്ടിടം**<br><br>**2023-24 വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തപ്പെട്ട ടി പ്രവൃത്തിക്ക് 08/02/2024-ലെ സർക്കാർ ഉത്തരവ് G.O(Rt) No. 153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, പാലക്കാട് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ 29/02/2024 ലെ PWD/BLDG/EST_TS/ 432/2024_5_1_1 നമ്പർ ഉത്തരവ് പ്രകാരം അതേ തുകയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 02/04/2024-ലെ EE/PB/03/2024-25 ഉത്തരവ് പ്രകാരം കരാറിൽ ഏർപ്പെടുകയും 12/07/2024-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫൗണ്ടേഷൻ ഫുട്ടിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയാണ്.**<br><br>**കൊട്ടുവായൂർ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി ബ്ലോക്ക് കെട്ടിടം**<br><br>**2023-24 വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തപ്പെട്ട പ്രവൃത്തിയാണിത്. ഇതിനായി സ്കൂൾ** |

| | | | |
|---|---|---|---|
| | | | കോമ്പൗണ്ടിൽ കെട്ടിടം പണിയുവാൻ സ്ഥല പരിമിതി ഉണ്ട്. 100 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള മറ്റൊരു പ്രവൃത്തിയുടെ രണ്ടാം ഘട്ടമായി ഈ പ്രവൃത്തി നടപ്പിലാക്കുവാനായി ബഹു. MLA ആവശ്യപ്പെട്ടത് പ്രകാരം, 300 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ഡ്രോയിംഗ് പൂർത്തികരിച്ചിട്ടുണ്ട്. ഇതിന്റെ ഡിസൈൻ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിൽ നടന്നു വരുന്നു. ഇതിന്റെ മണ്ണ് പര്യവേഷണം നടത്തുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ആരും പ്രതികരിക്കാത്തതിനാൽ നിലവിൽ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.<br><br>മുതലമട ഹൈസ്കൂൾ കെട്ടിടം<br><br>2023-24 വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തപ്പെട്ട പ്രവൃത്തിയാണിത്. ഈ പ്രവൃത്തിയുടെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിലേക്കായി Trial pit രീതിയിൽ മണ്ണ് പര്യവേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | നെന്മാറ സി.എച്ച്.സി കെട്ടിടം<br><br>2023-24 വർഷത്തെ ബജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തപ്പെട്ട ടി പ്രവൃത്തിയുടെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിലേക്കായി പ്രവൃത്തിയുടെ മണ്ണ് പര്യവേഷണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണ സ്ഥലം പൂർണ്ണമായും തടസ്സരഹിതമായി ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്ക് സമർപ്പിനാകും.<br><br>ജി.എൽ.പി.സ്കൂൾ പല്ലാവൂർ കെട്ടിടം<br><br>2023-24 വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തപ്പെട്ട ടി പ്രവൃത്തിക്ക് 08/02/2024-ലെ സർക്കാർ ഉത്തരവ് G.O(Rt) No. 153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, പാലക്കാട് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ 29/02/2024 ലെ PWD/BLDG/EST_TS/ 432/2024_5_1_1 നമ്പർ ഉത്തരവ് പ്രകാരം അതേ തുകയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 02/04/2024-ലെ EE/PB/03/2024-25 ഉത്തരവ് പ്രകാരം കരാറിൽ |

| | | | |
|---|---|---|---|
| | | | **ഏർപ്പെടുകയും 12/07/2024-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫൗണ്ടേഷൻ ഫുട്ടിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയാണ്.**<br><br>**<u>കൊടുവായൂർ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി ബ്ലോക്ക് കെട്ടിടം</u>**<br><br>**2023-24 വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തപ്പെട്ട പ്രവൃത്തിയാണിത്. ഇതിനായി സ്കൂൾ കോമ്പൗണ്ടിൽ കെട്ടിടം പണിയുവാൻ സ്ഥല പരിമിതി ഉണ്ട്. 100 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള മറ്റൊരു പ്രവൃത്തിയുടെ രണ്ടാം ഘട്ടമായി ഈ പ്രവൃത്തി നടപ്പിലാക്കുവാനായി ബഹു. MLA ആവശ്യപ്പെട്ടത് പ്രകാരം, 300 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ഡ്രോയിംഗ് പൂർത്തികരിച്ചിട്ടുണ്ട്. ഇതിന്റെ ഡിസൈൻ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിൽ നടന്നു വരുന്നു. ഇതിന്റെ മണ്ണ് പര്യവേഷണം നടത്തുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ആരും പ്രതികരിക്കാത്തതിനാൽ നിലവിൽ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.**<br><br>**<u>മുതലമട ഹൈസ്കൂൾ കെട്ടിടം</u>**<br><br>**2023-24 വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തപ്പെട്ട പ്രവൃത്തിയാണിത്. ഈ പ്രവൃത്തിയുടെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിലേക്കായി Trial pit രീതിയിൽ മണ്ണ് പര്യവേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ